കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ക്ളാർക്ക് ശ്രീ എ സൈഫുദ്ദീന് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ നിയമനത്തിന് അനുമതി നല്കി ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ(സാധാ)നം. 851/ 2014/തസ്വഭവ തീയതി, തിരുവനന്തപുരം.23/03/2015

---

പരാമർശം:
1. സ.ഉ(പി)നം. 05/2013/ഉഭപവ തീയതി 06.02.2013.
2. ശ്രീ എ സൈഫുദ്ദീന്റെ 19.12.2013 ലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 21.01.2015 ലെ ഇ 6-2489/2014 നമ്പർ കത്ത്.
4. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 09/01/2014 ലെ 11835/ഇ 1/13 നമ്പർ സാക്ഷ്യപത്രം.

### ഉത്തരവ്

മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ക്ളാർക്ക് ശ്രീ എ സൈഫുദ്ദീൻ അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ നിയമനത്തിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ശ്രീ എ സൈഫുദ്ദീൻ ആസ്ഥാന ഒഴിവിൽ 31.08.2013 ൽ മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ടിയാന്റെ ജില്ലയായ പാലക്കാട് ജില്ലയിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ഓഫീസിൽ അടുത്ത അഞ്ച് വർഷത്തേക്ക് ക്ലാർക്ക് തസ്തികയിലേക്ക് ഒഴിവ് വരാനിടയില്ലെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാന് അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് പാലക്കാട് ജില്ലയിൽ നിശ്ചിത ശതമാന പരിധിയിൽ ഒഴിവ് നിലവിലുള്ളതായി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ക്ളാർക്ക് ശ്രീ.എ.സൈഫുദ്ദീന് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ എ സൈഫുദ്ദീൻ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സെൽവരാജൻ.എൽ
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റ്, പട്ടം പി.ഒ, തിരുവനന്തപുരം 4
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ശ്രീ എ സൈഫുദ്ദീൻ, ക്ലാർക്ക്, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റ്, പട്ടം പി.ഒ, തിരുവനന്തപുരം 4
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ